## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2988** — 15.12.2015 -ൽ മറുപടിക്ക്

## ഭൂമി പതിച്ചു നൽകൽ ചട്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, പി.ശ്രീരാമകൃഷ്ണൻ<br>,, എ. പ്രദീപ്കുമാർ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) നിലവിലുള്ള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഇതിനായി പുറപ്പെടുവിച്ച വിജ്ഞാപനം പിന്നീട് പിൻവലിക്കുകയുണ്ടായോ; | (എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടം 7(2)(iii), (V) എന്നിവ പ്രകാരം പതിച്ചു നൽകുന്നതിനുള്ള വരുമാന പരിധി 1,00,000/- രൂപയിൽ നിന്നും 3,00,000/- രൂപയായി ഉയർത്തി ചട്ടം ഭേദഗതി ചെയ്യുന്നതിനും 01.06.2015-ന് 10 വർഷം പൂർത്തിയാക്കുന്ന മലയോര മേഖലയിലെ സർക്കാർ ഭൂമിയിലെ പാട്ട കൈവശങ്ങൾ, പ്രതിഷേധാർഹമല്ലാത്ത കൈയ്യേറ്റങ്ങളും പതിച്ചു നൽകുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തിയും എസ്.ആർ.ഒ നമ്പർ 436/2015 തീയതി 04.07.2015 (ജി.ഒ(പി) നമ്പർ 217/15/ആർ.ഡി, തീയതി 01.06.2015) പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ടി വിജ്ഞാപനം എസ്.ആർ.ഒ നമ്പർ 702/15, തീയതി 16.10.2015 (ജി.ഒ(പി) 570/15/റവ തീയതി 14.10.2015) പ്രകാരം പിൻവലിച്ചിട്ടുള്ളതാണ്. |
| (ബി) പ്രസ്തുത മാറ്റം വരുത്തുവാനിടയായ സാഹചര്യം എന്തായിരുന്നു; ഇതിനു മുമ്പായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ദശാബ്ദങ്ങൾക്ക് മുമ്പ് മലയോര മേഖലയിൽ താമസിച്ച് വരുകയും പട്ടയം കിട്ടാതെ ബുദ്ധിമുട്ടുകയും ചെയ്യുന്ന അർഹരായ ഗുണഭോക്താക്കൾക്ക് പട്ടയം ലഭ്യമാക്കുന്നതിന് വേണ്ടിയാണ് പ്രസ്തുത മാറ്റം വരുത്തുവാൻ സർക്കാർ തീരുമാനിച്ചത്. ഇത് സംബന്ധിച്ച് ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24.03.2015-ന് കൂടിയ |

യോഗത്തിലാണ് കൂടുതൽ ഉണഭോക്താക്കൾക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം ഉണ്ടായത്. മറ്റ് പഠനങ്ങളൊന്നും ഇക്കാര്യത്തിൽ നടത്തിയിട്ടില്ല.

(സി) ലാന്റ് അസൈൻമെന്റ് റൂൾസിലെ നിർദ്ദിഷ്ട ഭേദഗതി, 2005 വരെയുള്ള മുഴുവൻ കയ്യേറ്റങ്ങൾക്കും നിയമസാധുത നല്കുന്നതായിരുന്നുവോ; പതിച്ചു നൽകുന്ന ഭൂമി 25 വർഷം കഴിഞ്ഞേ കൈമാറാവൂ എന്ന വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) നിർദ്ദിഷ്ട ഭേദഗതി 2005 വരെയുള്ള മലയോര മേഖലയിലെ പ്രതിഷേധാർഹമല്ലാത്ത കയ്യേറ്റ ഭൂമി പതിച്ചു നൽകുന്നതിന് അനുമതി നൽകുന്നതിനായിട്ടാണ് പുറപ്പെടുവിച്ചത് എന്ന് കാണുന്നു. ഭൂരഹിതർക്ക് പതിച്ചു നൽകുന്ന ഭൂമി 25 വർഷം കഴിഞ്ഞേ കൈമാറാവൂ എന്ന വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ 1964-ലെ ഭൂമി പതിവ് ചട്ടം 7(1) പ്രകാരം കൈവശ ഭൂമി പതിച്ചു നൽകുന്നത് കൈമാറ്റം ചെയ്യുന്നതിനുള്ള നിയന്ത്രണം ഒഴിവാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. (ജി.ഒ(പി) നമ്പർ 525/2013/ആർ.ഡി തീയതി 27.11.2013, ജി.ഒ(പി) നമ്പർ 425/2014/ആർ.ഡി തീയതി 30.09.2014)

(ഡി) കയ്യേറ്റം നടത്തി കൈവശംവച്ച് വരുന്ന സർക്കാർ ഭൂമിയിന്മേൽ പ്രസ്തുത ഭേദഗതി പ്രകാരം, അർഹതയുള്ളവരുടെ കണക്കുകൾ ശേഖരിച്ചിരുന്നുവോ; പ്രസ്തുത ഭൂമി മൊത്തം എത്ര ഏക്കർ ആണ്; വിശദാംശങ്ങൾ നല്കുമോ?

(ഡി) ഭേദഗതി പിൻവലിച്ച സാഹചര്യത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ